# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

| | |
|---|---|
| വിഷയം: | ആ.വ.ഡ. – വിജിലൻസ് - കൊല്ലം മൺറോതുരുത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ചട്ടങ്ങൾ പാലിക്കാതെ ഷിഫ്റ്റിംഗ് നടപടി തുടങ്ങിയത് - ഡോ.ഹാംലെറ്റ്.എ., (PEN-481238) അസിസ്റ്റന്റ് സർജനെ അച്ചടക്ക നടപടിയ്ക്കും തുടർ അന്വേഷണത്തിനും വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | കൊല്ലം ജില്ലാ മെഡിക്കൽ ആഫീസറുടെ 04.11.2025-ലെ നം. സി.1-4378(1)/25 നമ്പർ കത്ത്. |

**ഉത്തരവ് നം. DHS/27238/2025-EC2., തീയതി: 04-11-2025**

കൊല്ലംമൺറോതുരുത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കെ എൻ.എച്ച്.എം. എൻജിനീയറുടെ വർക്കുകൾ പൂർത്തീകരിച്ച സാക്ഷ്യപത്രം കൈപ്പറ്റാതെയും, വകുപ്പ് മേധാവിയുടെയോ ജില്ലാ മെഡിക്കൽ ആഫീസറുടെയോ അനുമതിയില്ലാതെ പുതിയ കെട്ടിടത്തിലേക്കുള്ള ഷിഫ്റ്റിംഗ് നടപടികൾ മെഡിക്കൽ ആഫീസർ നേരിട്ട് നടത്തുകയുണ്ടായി. പ്രസ്തുത വിവരത്തെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കാൻ ടി മെഡിക്കൽ ആഫീസർക്ക് ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടും പ്രസ്തുത നിർദ്ദേശം പാലിക്കാതെ വർക്ക് പൂർത്തീകരിക്കാത്ത കെട്ടിടത്തിലേയ്ക്ക് ഷിഫ്റ്റിംഗ് നടപടികൾ തുടങ്ങിയതായി ജില്ലാ മെഡിക്കൽ ആഫീസർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ആരോഗ്യവകുപ്പ് ഡയറക്ടറുടെയോ, ജില്ലാ മെഡിക്കൽ ആഫീസറുടെയോ അനുമതി ഇല്ലാതെ ഷിഫ്റ്റിംഗ് നടപടികൾ നടത്തിയ ഡോ.ഹാംലറ്റിന്റെ പ്രവൃത്തി തികച്ചും നിരുത്തരവാദപരവും അച്ചടക്ക ലംഘനവുമാകയാൽ ഡോ.ഹാംലെറ്റിനെതിരെ അച്ചടക്ക നടപടിക്ക് ജില്ലാ മെഡിക്കൽ ആഫീസർ ശിപാർശ ചെയ്തിരിക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ, ജില്ലാ മെഡിക്കൽ ആഫീസറുടെയോ അനുമതി ഇല്ലാതെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ഷിഫ്റ്റിംഗ് നടപടികൾ തുടങ്ങിവച്ച ഡോ.ഹാംലെറ്റിന്റെ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനവുമാകയാൽ ഡോ.ഹാംലെറ്റ്.എ., അസിസ്റ്റന്റ് സർജനെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 10 പ്രകാരം അച്ചടക്ക നടപടിയ്ക്കും തുടർ അന്വേഷണത്തിനും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാന് കെ.എസ്.ആർ. പാർട്ട് 1 റൂൾ 55 പ്രകാരം ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signed by
Reena K J
Date: 04-11-2025 18:06:34

**ഡോ. റീന.കെ.ജെ.**
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ.ഹാംലെറ്റ്,
മെഡിക്കൽ ആഫീസർ,
പ്രാഥമികാരോഗ്യ കേന്ദ്രം, മൺറോതുരുത്ത്, കൊല്ലം.
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം മുഖാന്തിരം)

പകർപ്പ്:

1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം.

2) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

3) ഫയൽ / കരുതൽ ഫയൽ